

# ജീവിതം അനുഭവിച്ചറിഞ്ഞ് പഠിക്കുക, വിദ്യാഭ്യാസം അടിമുടി മാറണം, വെള്ളം ഒരിക്കലും സ്വകാര്യവൽകരിക്കപ്പെട്ടുകൂടാ : യു. ആർ. അനന്തമൂർത്തി

**സാഹിത്യ സാംസ്കാരിക പ്രവർത്തകനും വിദ്യാഭ്യാസ വിദഗ്ദ്ധനുമായ ഡോ. യു.ആർ. അനന്തമൂർത്തി ഈയിടെ ചികിത്സാർത്ഥം കോട്ടയ്ക്കലിൽ എത്തിയിരുന്നു. പ്ലാച്ചിമട, നർമ്മദ, സിംഗൂർ, തെഹ്‌രി,..... തുടങ്ങിയ ജനകീയ പ്രശ്നങ്ങളിൽ അടിസ്ഥാന വിഭവങ്ങൾ സംരക്ഷിപ്പെടുന്നില്ല. ഇക്കാര്യത്തിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഭരണവ്യവസ്ഥിതിയും താങ്ങാനാവാത്ത പരാജയത്തിലേക്കാണ് കൂപ്പുകുത്തുന്നത്. ജനങ്ങൾ സ്വന്തം സ്വാതന്ത്ര്യവും അവകാശവും ഉത്തരവാദിത്വങ്ങളും വീണ്ടെടുത്താലെ ഭാവി ഉറപ്പാക്കാനാകൂ എന്ന് കേരളീയത്തിന് നല്കിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം സൂചിപ്പിച്ചു.**

**തയ്യാറാക്കിയത് : കെ. രാജഗോപാൽ, കേട്ടെഴുത്തും പരിഭാഷയും : വിദ്യ**

● വെള്ളത്തിന്റെ സ്വകാര്യവൽക്കരണത്തെക്കുറിച്ച്.....

സ്വകാര്യവൽക്കരിച്ചാൽ ശുദ്ധജലം ലഭ്യമാകും എന്ന് ചില എൻ.ജി.ഒ.കൾ അഭിപ്രായപ്പെടുന്നുണ്ട്.

**● അത് മറ്റൊരജണ്ടയാണ്. ഇതിനും ഒരു അജണ്ടയുണ്ടോ എന്നെനിക്കറിയില്ല. ഭാവിയിലേക്ക് ജലം സംരക്ഷിക്കുകയും വേണം. പ്രവർത്തനങ്ങളൊന്നും സുതാര്യമല്ല എന്നു തോന്നിപ്പോകുന്നു.**

ഞാനിതിനെക്കുറിച്ച് മേധപട്കറോടു സംസാരിച്ചിട്ടുണ്ട്. വെള്ളം ഒരിക്കലും സ്വകാര്യവൽക്കരിക്കപ്പെട്ടുകൂടാ. ഭാവിയിൽ ഒരുപക്ഷേ വായുവും സ്വകാര്യവൽക്കരിച്ചേക്കാം. വായു അങ്ങേയറ്റം മലിനമാക്കുക; അപ്പോൾ കുറച്ചു ശുദ്ധവായു ജനങ്ങൾക്ക് വാങ്ങേണ്ടിവരുമല്ലോ. നാമിപ്പോൾ മിനറൽ വാട്ടർ കുപ്പികളിൽ വാങ്ങുന്നതുപോലെ.

**● ഇതൊരു വലിയ ഗൂഢാലോചനയുടെ അനന്തരഫലമെന്നോണം തോന്നുന്നു. ആദ്യം ജലമെല്ലാം മലിനമാക്കി ജലമെല്ലാം നശിച്ചെന്നുപറഞ്ഞു. യുഎസിലും ഇതാണല്ലോ സംഭവിച്ചത്.**

ഒരിക്കൽ ഒരു ഗ്രാമത്തിലെ ഒരു വൃദ്ധസ്ത്രീ എന്നോടു ചോദിച്ചു. വളരെ നിഷ്കളങ്കമായി 'ജലം വിൽക്കുന്ന രാജ്യമെങ്കിൽ, അമേരിക്ക എങ്ങനെ നല്ല രാജ്യമാകും? നമ്മുടെ നാട്ടിൽ വെള്ളം വിൽക്കുക എന്നാൽ ഏറ്റവും ഹീനമായ കൃത്യമാണ്. എന്നാണ് വിശ്വസിച്ചിരുന്നത്. ദാഹിക്കുന്നവർക്ക് വെള്ളം ധാരാളമായി കൊടുക്കുക എന്നതാണ് ഭാരതീയ സംസ്കാരം. അതിപ്പോൾ മുഴുവനായി നഷ്ടമായിരിക്കുന്നു. ഇനി വായുമലിനീകരിക്കപ്പെട്ടുകഴിഞ്ഞാൽ ധനികർ കിയോസ്കുകളിൽ പ്രാണവായു വാങ്ങി ശ്വസിക്കേണ്ട നില വന്നേക്കാം.

**● ഇപ്പോൾ നഗരങ്ങളിലെല്ലാം വായു മലിനീകരിക്കപ്പെട്ടുകഴിഞ്ഞു. ധനികർ ഗ്രാമങ്ങളിലെ ഫാം ഹൗസുകളിൽ സമയം ചെലവഴിക്കുന്നു.**

കൃഷി പതുക്കെ നീക്കം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. വ്യവസായവൽക്കരണം ശക്തിപ്രാപിക്കുന്നു. കൃഷി ഒരു നഷ്ടക്കച്ചവടമായി മാറുകയാണ്. കേരളത്തിൽ കൃഷി ബലഹീനമായിക്കഴിഞ്ഞു. ഇനി കേരളത്തിൽ കൃഷികൊണ്ട് ജീവിക്കാൻ ബുദ്ധിമുട്ടാണ്. ദരിദ്രരാണ് എപ്പോഴും കൃഷി തിരഞ്ഞെടുക്കുന്നത്. എന്നും ലോകത്തിൽ ഭക്ഷണം ഉത്പാദിപ്പിക്കുന്ന ദരിദ്രരാഷ്ട്രം ഉണ്ടാകും. കൃഷിഭൂമി പതുക്കെ വ്യവസായഭൂമിയായി മാറുകയാണ്. ഞാനൊരു ഉദാഹരണം പറയാം. ബാംഗ്ലൂരിൽ എനിക്കൊരു തെങ്ങിൻതോപ്പുണ്ട്, 400 തെങ്ങുണ്ടതിൽ. നല്ല വിളവുണ്ടെങ്കിൽ 30,000 തേങ്ങയോളം ലഭിക്കും, വർഷത്തിൽ. ഒരു തേങ്ങയ്ക്ക് ശരാശരി 4 രൂപ ലഭിക്കും. ഉദ്ദേശം 12000 മുതൽ 60000ഓളം നടത്തിപ്പിനായി ചെലവാകും. അങ്ങനെ ഒരുമാസം ശരാശരി 5000 രൂപ ലഭിക്കും എന്നു കണക്കാക്കാം. അപ്പോൾ ഒരു സാധാരണ കുടുംബത്തിന് സന്തോഷമായി ജീവിക്കാനുള്ള വരുമാനമായി. ഇപ്പോൾ സ്ഥലത്തിന് വില വളരെ കൂടിയിട്ടുണ്ട്. ഉദ്ദേശം ഒരു കോടിയോളം ലഭിക്കും. അങ്ങനെയെങ്കിൽ ഞാനേതാകും തിരഞ്ഞെടുക്കുക? വിൽക്കുകയാണെങ്കിൽ അതൊരു ധനികന്റെ ഫാംഹൗസായി പരിണമിക്കും. അല്ലെങ്കിൽ ഒരു പഞ്ചനക്ഷത്ര ഹോട്ടലാകും അല്ലെങ്കിൽ ധനികർക്കുള്ള ഒരു വിദ്യാലയമാകും. വിദ്യാഭ്യാസത്തിലൂടെ ധാരാളം ധനം ഉണ്ടാകുമല്ലോ. പണ്ടവിടെ റാഗിയാണ് കൃഷി ചെയ്തിരുന്നത്. റാഗി ദരിദ്രരുടെ ഒരു സ്ഥിരം ഭക്ഷണ

മാണ്. ഒരുപാടുകാലം കേടുകൂടാതെ സൂക്ഷിച്ചുവെക്കാവുന്ന ഒന്നാണ് റാഗി. ഈ സ്ഥലത്ത് നെൽകൃഷിക്കുള്ള വെള്ളം ലഭ്യമല്ല. അതുകൊണ്ട് ഇതിന്റെ ഉടമസ്ഥൻ ഇതെനിക്കു വിറ്റു. ഞാനിത് ഒരു തെങ്ങിൻതോപ്പാക്കി. ഇനി ഇത് ആരെങ്കിലും വാങ്ങിയാൽ ഒരു റിസോർട്ടോ മറ്റോ ആയി മാറും. ഈ സ്ഥലത്തിന്റെ പരിണാമം ഞാൻ നേരിൽ കണ്ടതാണ്. ഇതുപോലുള്ള ഒരുപാട് സ്ഥലങ്ങളുണ്ട് ബാംഗ്ലൂരിൽ. അടുത്ത തലമുറ അത് വിൽക്കാതിരിക്കാൻ സാധ്യതയില്ല.

**● ഇതിനോടുള്ള പ്രതിരോധം എങ്ങനെ സാധ്യമാകും?**

അത് വളരെ ശാന്തമായി ചെയ്യേണ്ട ഒരു പ്രക്രിയയാണ്. സാധാരണ സ്കൂളുകളെ അഥവാ ഗവൺമെന്റ് സ്കൂളുകളെ ശക്തിപ്പെടുത്തുന്ന ഒരു മൂവ്മെന്റ് ഉണ്ടായി വരണം. ഇക്കാലത്ത് കുട്ടികൾ ഗവൺമെന്റ് സ്കൂളിലേക്ക് പോകുന്നത് കുറഞ്ഞുവരുന്നു. ഞാൻ പല എഴുത്തുകാരോടും ഇതിനെക്കുറിച്ച് സംസാരിച്ചു. ഞങ്ങളിൽ പലർക്കും എഴുതാൻ കഴിയുന്നത് ഞങ്ങൾ സാധാരണ സ്കൂളുകളിൽ പഠിച്ചതിനാലാണ്. അവിടെയാണ് പല സാംസ്കാരത്തിൽനിന്നുവരുന്ന പല സാമൂഹികാവസ്ഥകളിൽ നിന്നുവരുന്ന കുട്ടികളുമായി ഇടപഴകാൻ കഴിയുക. രാജ്യത്തുള്ള ഭാഷയുമായി ഇണങ്ങാൻ കഴിയുക. ഇന്ന് വിദ്യാഭ്യാസം കച്ചവടവൽക്കരിക്കപ്പെട്ടുകഴിഞ്ഞു. ഒരു വലിയ വിഭാഗം കുട്ടികൾ മറ്റുതരത്തിലുള്ള കുട്ടികളുമായി ഇടപഴകാതെ, മറ്റൊരു ലോകം, മറ്റൊരു ഇന്ത്യയുണ്ടെന്നറിയാതെയാണ് വളരുന്നത്. ബാംഗ്ലൂരിൽ ഒരു കുട്ടിയെ നഴ്സറിയിലേക്കയക്കാൻ 3 ലക്ഷം രൂപയാണ് ചെലവാകുക. എങ്കിലേ കുട്ടികൾ ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന സ്കൂളിൽ പഠിക്കൂ. ഇംഗ്ലീഷ് മാത്രം സംസാരിക്കുന്നതിന്റെ ദൂഷ്യവശം മനസ്സിലാക്കിത്തുടങ്ങിയിട്ടേയുള്ളൂ. അത്യാവശ്യം ഇംഗ്ലീഷറിയാമെങ്കിൽ, തെറ്റില്ലാതെ സംസാരിക്കണമെങ്കിൽ ഇന്ന് കുട്ടികൾ എം.എയോ എം.എസ്സിയോ ചെയ്യില്ല. അവർ ഒരു കോൾസെന്ററിൽ ചേരുന്നു. പേരുമാത്രം മാറ്റിയാൽ മതി. ധാരാളം പണമുണ്ടാക്കാൻ കഴിയും. പക്ഷേ എത്ര വിരസമായ ജോലിയാണത്. യൗവ്വനം വേഗം നശിക്കുന്നു.

എല്ലാ പ്രൈവറ്റ് സ്കൂളുകളും ഗവൺമെന്റ് സ്ഥലം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. അതിനാൽ ചുറ്റുപാടുമുള്ള കുട്ടികളെ ചേർത്താൻ അവരെ നിർബന്ധിക്കണം. ഒരു 30% എങ്കിലും ഒരു വിഷയം-മാനവിക വിഷയങ്ങളെങ്കിലും-മാതൃഭാഷയിൽ പഠിപ്പിക്കണം. ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം-രാഷ്ട്രീയം എന്നീ വിഷയങ്ങൾ പഠിക്കാൻ തെരുവിനെക്കുറിച്ചും ജ്ഞാനം ആവശ്യമാണ്. തെരുവിലെ ജനത്തിനാണ് ചരിത്രം കൂടുതൽ നന്നായി അറിയുക. ഒരു വിഷയമെങ്കിലും മാതൃഭാഷയിൽ പഠിപ്പിക്കണം. എങ്കിലേ ഭാവിതലമുറ ഓർമ്മമായുന്നതിൽനിന്ന് രക്ഷപ്പെടൂ. മാതാപിതാക്കൾ ഗവൺമെന്റ് സ്കൂളുകളിൽ കുട്ടികളെ ചേർക്കാത്തത്, ഇംഗ്ലീഷവിടെ ലഭ്യമല്ലാത്തതിനാലാണ്. മറ്റു സ്കൂളുകളിലെ കുട്ടികളുടെ മുമ്പിൽ അപകർഷത തോന്നാതിരിക്കാനതേ വഴിയുള്ളൂ. അതിനാൽ ഗവൺമെന്റ് സ്കൂളുകളിൽ തുടക്കം മുതൽതന്നെ ഇംഗ്ലീഷ് പഠിപ്പിക്കണം. സ്വീഡനിൽ എങ്ങനെയാണെന്നോ? അവിടുത്തുകാർ പരസ്പരം സ്വീഡിഷ് മാത്രമേ സംസാരിക്കൂ. എന്നാലും അവർക്ക് ഇംഗ്ലീഷിൽ നല്ല സ്വാധീനമുണ്ട്. ആവശ്യമുള്ള ഭാഷ തിരഞ്ഞെടുത്തുപയോഗിക്കാം രണ്ടുഭാഷകളും തുല്യമാണ്, ഒന്ന് മറ്റൊന്നിനു ഭീഷണിയാകുന്നില്ല. അതുകൊണ്ട് മാതൃഭാഷയും ഇംഗ്ലീഷും തുല്യമാകുന്ന ഒരു നില വരണം. മറ്റു രാജ്യങ്ങളിൽ പോകുമ്പോൾ എപ്പോഴും ഇംഗ്ലീഷ് സഹായകമാണ്, ആവശ്യമാണ്. അതുകൊണ്ട് സ്വന്തം ഭാഷ സംരക്ഷിക്കുന്നതിനും ഇംഗ്ലീഷ് ഉപയോഗിക്കുന്നതിനുംവേണ്ടി, ദരിദ്രജനങ്ങൾക്ക് ഇംഗ്ലീഷ് ലഭ്യമാക്കണം. എല്ലാവർക്കും മാതൃഭാഷയും ഇംഗ്ലീഷും ഒരുപോലെ ഉപയോഗിക്കാനാകണം. നമ്മുടെ മഹാന്മാരായ എഴുത്തുകാരെല്ലാം അങ്ങനെയുള്ളവരാണ്. ഉദാ:- ശ്രീ. ഒ.വി. വിജയൻ. അദ്ദേഹം ഇംഗ്ലീഷും മലയാളവും ഒരേ വൈദഗ്ദ്ധ്യത്തോടെ ഉപയോഗിച്ചിരുന്നു. അതുകൊണ്ട് ഭാവനക്ക് ഒരു കോട്ടവും ഉണ്ടായില്ല. അദ്ദേഹം മുമ്പുപറഞ്ഞ സ്വീഡിഷുകാരെപ്പോലെയായിരുന്നു. ഇഷ്ടംപോലെ രണ്ടും ഉപയോഗിക്കാം.

ഈയടുത്ത് ഒരു മഹാരാഷ്ട്രക്കാരൻ ഒരു പ്രത്യേക വളം കണ്ടുപിടിച്ചിട്ടുണ്ട്. ഗോമൂത്രവും ചാണകവും ഉപയോഗിച്ച്, കൂടെ ശർക്കരയും ചില പയറുവർഗ്ഗങ്ങളും ചേർക്കണം. എല്ലാംകൂടി ധാരാളം വെള്ളത്തിൽ 4-7 ദിവസം സൂക്ഷിച്ചശേഷം കൃഷിസ്ഥലത്തു വിതറുക. മരത്തിൽനിന്നും വീണുപോകുന്ന ഇലകളും മറ്റുമെല്ലാം കലർന്ന്, നല്ലൊരു വളമായി. ചെറിയ കാലയളവിൽത്തന്നെ രാസവളങ്ങളിൽനിന്ന് നാം മുക്തരാകും. ഒരു കുടുംബത്തിന് സുഖമായി ജീവിക്കാനുള്ള വരുമാനമുണ്ടാകും. നമ്മുടെ കാർഷികരംഗത്തുള്ള അമേരിക്കയുടെ മുമ്പിലുള്ള അടിമത്തത്തിൽനിന്ന് മുക്തരാകും.

ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലക്ക് എനിക്കു തോന്നുന്നതെന്തെന്നാൽ നമ്മുടെ നാട്ടിലെ ദരിദ്രരെ നാം വിഭജിക്കുകയാണ്. മതത്തിന്റെ പേരിൽ ഒരു വർഗ്ഗീയ കലാപം ഉണ്ടായാൽ ദരിദ്രരായ ഹിന്ദുക്കളും ദരിദ്രരായ മുസ്ലീങ്ങളുമാണ് മരിക്കുന്നത്. അതുപോലെ ബീഹാറിലും യുപിയിലും പിന്നോക്കവർഗ്ഗമെന്നും ദളിതരെന്നും തരംതിരിക്കുന്നു. അവർ തമ്മിൽ വലിയ ഏതോ വ്യത്യാസം ഉള്ളതുപോലെ, യാതൊരു വ്യത്യാസവുമില്ല അവർ തമ്മിൽ. മായാവതി ഇത് ചെയ്യുന്നുണ്ട്. യാദവ് ചെയ്യുന്നുണ്ട്. ബി.ജെ.പി. ചെയ്യുന്നതെന്താണ്. ദരിദ്രഹിന്ദുക്കളായും മുസ്ലിങ്ങളായും വിഭജിക്കുന്നു.

അതുകൊണ്ട് സാധാരണ സ്കൂളുകൾ നല്ല പ്രചാരത്തിൽ വരണം, രാസവളങ്ങൾ മാറി സ്വയം പര്യാപ്തമായ ഒരു കൃഷിരീതി നിലവിൽ വരണം. ഒരു ജാതി

മതഭേദമില്ലാത്ത സമൂഹം നിലവിൽ വരണം. ബന്ധങ്ങളിൽ യുവജനത വളരവേ സ്വാതന്ത്ര്യം നിലവിൽ വരണം. ഇല്ലെങ്കിൽ ആഗോളവൽക്കരണത്തിന്റെ തിക്തഫലങ്ങൾ വളരെ ആഴമേറിയതായിരിക്കും. ആദ്യം നശിക്കുന്നത് കൃഷിയായിരിക്കും. കേരളത്തിൽ കൃഷി നശിച്ചുകഴിഞ്ഞു. റബ്ബർകൃഷി തെങ്ങിൻതോപ്പുകളെ നശിപ്പിച്ചു. ഞാൻ റബ്ബറിനെതിരല്ല, പക്ഷെ അത് ഒരു പ്രധാനവിളയെ നശിപ്പിക്കരുത്. കൃഷി അനാരോഗ്യകരമായി കച്ചവടവൽക്കരിക്കപ്പെട്ടതിന്റെ ഫലമാണിത്. പക്ഷെ അങ്ങനെയൊരു നിലപാടിനാലാണ് കേരളത്തിൽ സാക്ഷരത ഉണ്ടായത്. പക്ഷെ കച്ചവടവൽക്കരണം സ്വയം പരാജയപ്പെടുത്തുന്നു.

പക്ഷെ സാംസ്കാരികമായ അടിത്തറയില്ലാത്ത സാക്ഷരത എത്രത്തോളം നല്ലതാണ്. ദാർശനികമായി പറഞ്ഞാൽ അക്ഷരങ്ങൾ കണ്ടുപിടിച്ചപ്പോൾത്തന്നെ ജനത രണ്ടായി ഭാഗിക്കപ്പെട്ടു. പണ്ടുള്ള ഋഷിമാർ നിരക്ഷരരായിരുന്നു. എഴുതാനറിയാത്തവർ. ബുദ്ധിസത്തിനു ശേഷമാണ് എഴുത്ത് പ്രചരിച്ചത്. കുറച്ചുപേർക്ക് എഴുതാനറിയുമെങ്കിൽ മറ്റുള്ളവരും അത് പഠിക്കേണ്ടിവരുന്നു. ഇപ്പോൾ കമ്പ്യൂട്ടറും അങ്ങനെയായിക്കഴിഞ്ഞു.

**● ഓർമ്മയെക്കുറിച്ച് പറഞ്ഞത് ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. 'ഓർമ്മ' കൊണ്ട് ഇതിനെ ചെറുക്കാനാകുമോ?**

ഓർമ്മ എന്നാൽ തുടർച്ചയെക്കുറിച്ചുള്ള ബോധമാണ്. പഴയതിനെ ഉൾക്കൊള്ളാൻ കഴിയുന്ന അവസ്ഥയാണ്. ഇപ്പോൾ പഴയത്, പണ്ട് പുതിയതായിരുന്നു. ഓർമ്മ എന്നതുകൊണ്ട് ഞാനുദ്ദേശിച്ചത് ഭാവനയുടെ തുടർച്ചയാണ്. ഒരു മലയാളിക്ക് 500 വർഷങ്ങൾക്കു മുമ്പ് എഴുത്തച്ഛൻ എഴുതിയത് മനസ്സിലാകും. എനിക്ക് 800 വർഷം മുമ്പുള്ള കന്നടകൃതി വായിക്കാം. എന്നാൽ ഇംഗ്ലീഷുകാർക്ക് ചോസർ വായിക്കാൻ കഴിയില്ല. ഓർമ്മയെന്നാൽ ഭൂതകാലത്തെ ഉൾക്കൊള്ളാൻ കഴിയലാണ്. എത്രയോ വലിയ ദാർശനിക എഴുത്തുകാർക്കും ശേഷവും എത്ര വിഢ്ഢിത്തരമായിരുന്നു ഒന്നാം ലോകമഹായുദ്ധം, എത്ര ക്രൂരമായിരുന്നു രണ്ടാം ലോകമഹായുദ്ധം, ജൂതന്മാർ നിഷ്കരുണം വധിക്കപ്പെട്ടു, ജപ്പാൻകാർ വധിക്കപ്പെട്ടു. അവർക്ക് വലിയ സാഹിത്യ-സാംസ്കാരിക സമ്പത്തുണ്ടായിരുന്നെങ്കിലും അത് അവർ അനുഭവിച്ച് മനസ്സിലാക്കിയില്ല. എന്നാൽ ഭാരതത്തിൽ അതുണ്ടായിരുന്നു. അതുകൊണ്ടാണ് എന്റെ ഹീറോ മേധാ പട്കർ ആകുന്നത്.

**● ഓർമ്മയാണോ അധിനിവേശത്തെ ചെറുക്കാൻ സഹായിക്കുന്നത്?**

അതെ. യൂറോപ്യന്മാർ അമേരിക്കയിലെ റെഡ് ഇന്ത്യാക്കാരെ നശിപ്പിച്ചു. സ്വന്തം ഭാഷ സംസാരിക്കുന്നതിനും, സ്വന്തം ദൈവങ്ങളെ പൂജിക്കുന്നതിനുമാണ്. ക്രിസ്ത്യൻ മിഷനറിമാർ അവരെ ശിക്ഷിച്ചത്. ഇന്നവർക്ക് ഓർമ്മ നശിച്ചുകഴിഞ്ഞു. സംവരണത്തിൽ ജീവിക്കുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇതു നടപ്പാക്കാൻ ശ്രമിച്ചു. പക്ഷെ മക്കാളെ ദയനീയമായി പരാജയപ്പെട്ടു. നമ്മുടെ ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മ നമുക്ക് നഷ്ടപ്പെട്ടില്ല, വളരെ ശക്തമായി നിലകൊണ്ടു.

**● പക്ഷെ ഇപ്പോഴവർ വിജയിക്കുന്നില്ലേ?**

കുറെയൊക്കെ. ഒരുദാഹരണം പറയാം. എഴുത്തച്ഛനും കുമാരനാശാനും ഇംഗ്ലീഷ് സാഹിത്യത്തിന്റെ സ്വാധീനത്തിലും നമ്മുടെ രാമായണവും മഹാഭാരതവുമാണ് രചിച്ചതും പുനരാവിഷ്കരിച്ചതും. അരബിന്ദോ അതാണ് ചെയ്തത്. പക്ഷെ ഇന്നതല്ല സംഭവിക്കുന്നത്. പണ്ട് ഞാൻ വൈസ് ചാൻസലർ ആയിരുന്നപ്പോൾ വീണ ഗോസ്വാമിയുടെ ഒരു വീണക്കച്ചേരി ഉണ്ടായിരുന്നു. അത് കേൾക്കാൻ 15 ആളെപ്പോലും ലഭിച്ചില്ല. നമ്മുടെ സംസ്കാരം നാമുപഭോഗം ചെയ്യുന്നില്ല. പലപ്പോഴും സംസ്കാരം ദരിദ്രരുടെ മാത്രം സമ്പത്താണ്. ധനികർക്ക് അനുഭവിക്കാൻ കഴിയാത്തത്. സംസ്കാരത്തിനോടുള്ള ക്ഷമ നമുക്കിന്നില്ല. എല്ലാത്തിനും അമിതവേഗമാണാവശ്യം.

പണ്ട് ഒരു അമേരിക്കൻ പത്രക്കാരൻ ഗാന്ധിയോട് ചോദിച്ചു. "അങ്ങയുടെ അജണ്ട എന്താണ്?, ലക്ഷ്യം?" അധികാരകൈമാറ്റം എന്ന ഉത്തരമാണ് അദ്ദേഹം പ്രതീക്ഷിച്ചത്. അപ്പോൾ ഗാന്ധി മറുപടി പറഞ്ഞു:

1. സ്വദേശി പ്രസ്ഥാനം, 2. ജാതിമതഭേദം മാറ്റുക, 3. ഹിന്ദുക്കളേയും മുസ്ലിങ്ങളേയും ഒന്നിപ്പിക്കുക

"പിന്നെ?" വീണ്ടും പത്രക്കാരൻ ചോദിച്ചു.

"പിന്നൊന്നുമില്ല" അദ്ദേഹം മറുപടി പറഞ്ഞു.

ഗാന്ധി വളരെ ബുദ്ധിമാനായിരുന്നു. ഈ മൂന്നു കാരണങ്ങളാണ് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കാൻ കാരണമായി ആരോപിച്ചിരുന്നത്. ഇന്ത്യക്കാർക്ക് എല്ലാം മറ്റുള്ളവർ ചെയ്തുകൊടുക്കണമെന്നും അവർ ജാതിഭേദം നോക്കുന്നവരെന്നും കുറ്റപ്പെടുത്തി. വർഗ്ഗീയതയും കാരണം എന്നുപറഞ്ഞു. അപ്പോൾ ഇതുമൂന്നും നടപ്പിലാക്കിയാൽ അധികാരകൈമാറ്റം താനേ നടക്കും എന്ന് ഗാന്ധിക്കറിയാമായിരുന്നു.

നാം ഇപ്പോൾ ഇത്തരത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

(അപൂർണ്ണം)

Dr. U.R. Ananthamoorthy, Mysore, 080 23415125
കെ.രാജഗോപാൽ, തിരുവനന്തപുരം, 9447131275

കേരളീയം

**അടുത്ത ലക്കങ്ങളിൽ**

**ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസം**: ഡോ. നിസാർ അഹമ്മദ്

**ജലം, വിഭവം, അധികാരം**: പ്രൊഫ. പി.കെ. രവീന്ദ്രൻ, ഡോ. എം.പി. പരമേശ്വരൻ, പ്രൊഫ. എം.കെ. പ്രസാദ്, ഡോ. സതീഷ്ചന്ദ്രൻ.

**പ്ലാച്ചിമട നിലപാട്** : രഞ്ജിത് തങ്കപ്പൻ, ആർ. അജയൻ, സി.ആർ. നീലകണ്ഠൻ....